കേരള സർവകലാശാല

നം. പി.ആർ.079/2018 ഫോൺ : 2305738

# പത്രക്കുറിപ്പ്

## ബി.എ.പരീക്ഷ ആന്വൽ

ഒന്നും രണ്ടും വർഷ ബി.എ.ബിരുദ റെഗുലർ (ആന്വൽ) വിദ്യാർത്ഥികൾക്ക് പരീക്ഷകൾക്ക് ഫീസ് അടയ്ക്കാനുളള തീയതി ഫൈനില്ലാതെ 12.04.2018 വരെ നീട്ടിയിരിക്കുന്നു. സപ്ലിമെന്ററി വിദ്യാർത്ഥികൾക്കും ഈ അവസരം ഉപയോഗിക്കാവുന്നതാണ്.

## എം.എ ഫലം

ജൂലൈ 2017-ൽ നടന്ന നാലാം സെമസ്റ്റർ എം.എ.അറബിക്, എം.എ.ഹിസ്റ്ററി, എം.എ ബിസ്നസ്സ് എക്കണോമിക്സ്, എം.എ സംസ്കൃതം സ്പെഷ്യൽ, എം.എ.ഇംഗ്ലീഷ് ലാഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷകളുടെ ഫലം പ്രസിദ്ധികരിച്ചു. വിശദ വിവരം സർവ്വകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ (എസ്.ഡി.ഇ) പരീക്ഷകേന്ദ്രം

2018 ഏപ്രിൽ മാസം 18-ാം തീയതി മുതൽ ആരംഭിക്കുന്ന അവസാന വർഷ ആനുവൽ സ്കീം ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ (എസ്.ഡി.ഇ) സപ്ലിമെന്ററി (ഓൾഡ് സ്കീം, ന്യൂ സ്കീം, മേഴ്സി ചാൻസ്)പരീക്ഷകൾക്ക് തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ട വിദ്യാർത്ഥികൾ ഗവൺമെന്റ് ആർട്ട്സ് കോളേജ് ,തിരുവനന്തപുരം സെന്ററിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

കൊല്ലം പരീക്ഷാ കേന്ദ്രമായി ആവശ്യപ്പെട്ട വിദ്യാർത്ഥികൾ ശ്രീ വിദ്യാധിരാജാ കോളേജ് ഓഫ് ആർട്ട്സ് ആന്റ് സയൻസ്, കരുനാഗപ്പളളി സെന്ററിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അതേ സെന്ററിൽ തന്നെ പരീക്ഷയെഴുതണം.

ആലപ്പുഴിലും മറ്റു ജില്ലകളിലും അപേക്ഷിച്ച വിദ്യാർത്ഥികൾ എസ്.എൻ.കോളേജ്, ചേർത്തല സെന്ററിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

ന്യൂ സ്കീം ഓൺലൈൻ ആയി അപേക്ഷിച്ച വിദ്യാർത്ഥികൾ ഡൗൺലോഡ് ചെയ്ത് ഹാൾടിക്കറ്റും തിരിച്ചറിയൽ രേഖയുമായി അതാത് സെന്ററിൽ പരീക്ഷയ്ക്ക് ഹാജരാകണം.

## ആറും ഏഴും സെമസ്റ്റർ ബി-ടെക് (2008 സ്കീം)

ആറും ഏഴും സെമസ്റ്റർ ബി-ടെക് പാർട്ട്-ടൈം റീസ്ട്രക്ചേർഡ് (2008 സ്കീം) പരീക്ഷയ്ക്ക് പിഴ കൂടാതെ 17/04/2018 വരേയും 50 രൂപ പിഴയോടുകൂടി 19/04/2018 വരേയും 125 രൂപ പിഴയോടുകൂടി 21/04/2018 വരേയും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## ബി.എ.പരീക്ഷാകേന്ദ്രങ്ങൾ

**ബി.ജെ.എം.ചവറ കോളേജിലേയും, കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജിലേയും എല്ലാ വിദ്യാർത്ഥികൾക്കും, ടി.കെ.എം. കോളേജ് കൊല്ലത്തെ ഓൺലൈനായി അപേക്ഷിച്ചിട്ടുളള ഇംഗ്ലീഷ് മെയിൻ വിദ്യാർത്ഥികൾക്കും എസ്.എൻ.കോളേജ് കൊല്ലം പരീക്ഷാകേന്ദ്രമായിരിക്കും**

## 2013 ബി.ടെക്ക് പാർട്ട് ടൈം റീസ്ട്രക്ചേർഡ്

**2013** സ്കീം ബി.ടെക്ക് പാർട്ട് - ടൈം റീസ്ട്രക്ചേർഡ്_നാലും, ആറും, എട്ടും സെമസ്റ്റർ പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രഷൻ 10.04.2018 മുതൽ ആരംഭിക്കുന്നതാണ്. പരീക്ഷയ്ക്ക് പിഴ കൂടാതെ 17/04/2018 വരേയും 50 രൂപ പിഴയോടു കൂടി 19/04/18 വരെയും 125 രൂപ പിഴയോടു കൂടി 21.04.18 വരേയും അപേക്ഷിക്കാവുന്നതാണ്.വിശദവിവരം സർവ്വകലാശാല വെബ്സൈറ്റിൽ (**www.keralauniversity.ac.in**) ലഭ്യമാണ്.

തിരുവനന്തപുരം.
09.04.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**